(എഫ്) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തുക സമാഹരിക്കുകയല്ല മറിച്ച് ടി സ്ഥാപനങ്ങൾ മുഖേന തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുകയാണ് ലക്ഷ്യം. 2600 പേർക്ക് വായ്പ ലഭ്യമാക്കാനാണ് ഈ വർഷം ഉദ്ദേശിക്കുന്നത്. ഈ വർഷം 7.8 കോടി രൂപ മുതൽ 13 കോടി രൂപ വരെ വായ്പ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്തെ യുവജനങ്ങൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യം.

(ജി) ഈ വർഷം ഇക്കാര്യത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമില്ല. പദ്ധതി വിപുലപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

22 (*21) ക്രിസ്തുമസിനും റംസാനുമുള്ള പ്രത്യേക റേഷൻ വിതരണം

ശ്രീമതി എൻ.കെ.രാധ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വെങ്ങാനൂർ പി.ഭാസ്കരൻ :
ശ്രീ.വി.കെ.ചന്ദ്രൻ :
ശ്രീ.കെ.പി.സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റംസാനും ക്രിസ്തുമസും പ്രമാണിച്ച് സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങൾ വഴി സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി അരി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) സൗജന്യ അരി വിതരണം എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുമെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) റംസാനും ക്രിസ്തുമസും പ്രമാണിച്ച് 2000 ഡിസംബർ മാസത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള അരി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) സ്കൂൾ വിദ്യാർത്ഥികളെ സൗജന്യ അരി വിതരണം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) റംസാനും ക്രിസ്തുമസും പ്രമാണിച്ച് പൊതുവിതരണ കേന്ദ്രങ്ങൾ വഴി കൂടുതൽ പഞ്ചസാര വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) : സർ,

(എ) ഉണ്ട്.

(ബി) റംസാനും ക്രിസ്തുമസും പ്രമാണിച്ച് ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് 10 കിലോ ഗ്രാം വീതം അരി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 28,25,364 (ഇരുപ്പത്തി എട്ടു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി മുന്നൂറ്റി അറുപത്തിനാല്) വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുമെന്ന് കണക്കാ യിട്ടുണ്ട്.

(ഡി) റംസാനും ക്രിസ്തുമസും പ്രമാണിച്ച് 2000 ഡിസംബർ മാസ ത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള 19,500 ടൺ അരി എഫ്.സി.ഐ.-ൽ നിന്നും വാങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) റംസാനും ക്രിസ്തുമസും പ്രമാണിച്ച് സാധാരണ റേഷനു പുറമേ കാർഡ് ഒന്നിന് 2 കിലോ ഗ്രാം അധിക പഞ്ചസാര റേഷൻ കടകൾ വഴി വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

23 (*22) പാൻമസാലകൾക്ക് നിരോധനം ഏർപ്പെടുത്താൻ നിയമനിർമ്മാണം

പ്രൊഫ.സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുകയില, മയക്കുമരുന്ന് എന്നിവ ചേർത്ത പാൻമസാലകൾക്ക് നിരോധനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ എപ്പോഴെങ്കിലും നിരോധനം നിലവിലുണ്ടായി രുന്നോ എന്നറിയിക്കുമോ; എങ്കിൽ നിരോധനം പിൻവലിക്കാനുള്ള കാരണം വിശദമാക്കാമോ;

(സി) മയക്കുമരുന്നും വിഷവസ്തുക്കളും ചേർത്ത പാൻമസാലയുടെ കച്ചവടം ക്രമാതീതമായി വർദ്ധിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ഡി) എങ്കിൽ ഇവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) സംസ്ഥാനത്തെ സ്കൂൾ/കോളേജ് പരിസരങ്ങളിലും പാൻ മസാലകളുടെ ആകർഷണീയ പ്രദർശനവും വില്പനയും നിയന്ത്രിക്കാൻ അടിയന്തിരമായി നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

(എ,ബി) പുകയില ചേർത്ത് പാൻമസാല വിൽപന നടത്തുന്നത് മായം ചേർക്കൽ നിരോധനനിയമം സെക്ഷൻ 7(5) അനുസരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ നിരോധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് കേരളാ ഹൈക്കോടതിയിൽ ഒ.വി.നമ്പർ 8891 ലുണ്ടായ വിധി പ്രകാരം റദ്ദ് ചെയ്തു.

(സി) മയക്കുമരുന്നും വിഷവസ്തുക്കളും ചേർത്ത് പാൻമസാല വിൽപ്പനയ്ക്കെത്തുന്നതായി ഇതുവരെ ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ നിന്ന് തെളിയിക്കപ്പെട്ടിട്ടില്ല.

(ഡി) മായം ചേർക്കൽ നിരോധന നിയമമനുസരിച്ച് വേണ്ട ഗുണപ രിശോധന നടത്തുന്നുണ്ട്. ഫുഡ് ഇൻസ്പെക്ടർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly